# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2237** **11/03/2020-ൽ മറുപടിയ്ക്ക്**

## മലപ്പുറം ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലർക്ക് തസ്തിക

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.റോജി എം. ജോൺ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കാറ്റഗറി നമ്പർ 020/214 ആയി മലപ്പുറം ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്കുള്ള ക്ലർക്ക്/കാഷ്യർ തസ്തികകളിലെ നിയമനത്തിനായി നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയതെന്ന് വിശദമാക്കാമോ; | (എ) | 27 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ കീഴിൽ പ്രസ്തുത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും എത്ര ജീവനക്കാരാണ് ജോലി ചെയ്ത് വരുന്നതെന്ന് വിശദാംശം സഹിതം ലഭ്യമാക്കാമോ; | (ബി) | മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ കീഴിൽ പ്രസ്തുത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിലവിൽ ആരും ജോലി ചെയ്ത് വരുന്നില്ല. |
| (സി) | നിലവിൽ ഈ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | നിലവിൽ ഉണ്ടായിട്ടുള്ള ഒരു ഒഴിവ് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ ബാങ്ക് സ്വീകരിച്ച് വരുന്നു. |
| (ഡി) | 2020 മാർച്ച് 31-ാം തീയതിക്ക് ശേഷം ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നുള്ള കണക്കുകൾ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | 2020 മാർച്ച് 31-ാം തീയതിക്ക് ശേഷം ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. ഇതു സംബന്ധിച്ച നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ